<u>15 -ാം കേരള നിയമസഭ</u>

<u>13 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 737</u> <u>10-02-2025 - ൽ മറുപടിയ്ക്ക്</u>

<u>മുക്കം സർവീസ് സഹകരണ ബാങ്കിൽ സഹകരണ വിജിലൻസ് വിഭാഗത്തിന്റെ അന്വേഷണം</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | 2008-13, 2013-18 കാലയളവുകളിൽ മുക്കം സർവീസ് സഹകരണ ബാങ്കിൽ നടന്ന ക്രമക്കേടുകളെ സംബന്ധിച്ച് സഹകരണ വിജിലൻസ് വിഭാഗം അന്വേഷണം നടത്തിയിട്ടുണ്ടോയെന്നും അന്വേഷണത്തിലെ പ്രധാന കണ്ടെത്തലുകൾ എന്തൊക്കെയാണെന്നും വിശദമാക്കുമോ; | (എ) | 2008-13, 2013-18 കാലയളവിൽ മുക്കം സർവീസ് സഹകരണ ബാങ്കിൽ നടന്ന ക്രമക്കേടുകളെ സംബന്ധിച്ച് സഹകരണ വിജിലൻസ് വിഭാഗം അന്വേഷണം നടത്തി സഹകരണ സംഘം രജിസ്ട്രാർക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ സഹകരണ വിജിലൻസ് നല്കിയിട്ടുള്ള ശിപാർശ ചുവടെ ചേർക്കുന്നു.<br><br>1. 05.10.2016 തീയതിയിൽ മുക്കം സർവീസ് സഹകരണ ബാങ്കിൽ ഫാർമസിസ്റ്റ്, ഫാർമസി ഹെൽപർ, ഡ്രൈവർ തസ്തികകളിലേക്ക് നടന്ന എഴുത്ത് പരീക്ഷയുടെ ഉത്തരകടലാസുകൾ മൂല്യ നിർണ്ണയത്തിന് ശേഷം, പരാതി ഉണ്ടായിട്ടും, ബാങ്കിനെ ഏൽപ്പിക്കാതെ നശിപ്പിച്ചതിനാൽ പരീക്ഷ ഏജൻസിയായ പ്രകാശ് അസോസിയേറ്റ്സ് (രജി.നമ്പർ 269/2017, കാലിക്കറ്റ് കോ-ഓപ്പറേറ്റീവ് ഹൗസ്, കൺസ്ട്രക്ഷൻ ബിൽഡിംഗ്, YMCA റോഡ്, കോഴിക്കോട്) എന്ന സ്ഥാപനത്തെ സഹകരണ വകുപ്പിന്റെ പരീക്ഷ നടത്തിപ്പിൽ നിന്നും മാറ്റി നിർത്തുന്നതിന് ശിപാർശ ചെയ്തിട്ടുണ്ട്.<br><br>2. ടി ബാങ്കിൽ 2008-23 കാലയളവിൽ ഡയറക്ടറായിരുന്ന ശ്രീ.ഒ.കെ.ബൈജു ഭരണ സമിതി തീരുമാനത്തിനും ബാങ്ക് നിയമാവലിക്കും വിരുദ്ധമായി ലീഗൽ ഫീസിനത്തിൽ 489000/- രൂപയും, വാഴ കൃഷി ഇനത്തിൽ 104039/- രൂപയും (ആകെ 593039/- രൂപ) 07.07.2014 മുതൽ 10.08.2023 വരെയുള്ള കാലയളവിൽ ടിയാന്റെ പേരിലുള്ള 0679 എന്ന സസ്പെൻസ് അക്കൗണ്ടിൽ കൂടി അധികമായി കൈപ്പറ്റിയതിനാൽ ടി തുക ടിയാനിൽ നിന്നും തിരിച്ചു പിടിക്കാൻ ശിപാർശ ചെയ്തിട്ടുണ്ട്. |

3. 2008-ൽ സർക്കാർ പ്രഖ്യാപിച്ച കടാശ്വാസ പദ്ധതിയിൽ ബിസിനസ് ആവശ്യത്തിനു വായ്പ്പയെടുത്ത MNO.14431 ആയിഷ, MNO.3409 വാസു, MNO.8111 ഉസ്മാൻ, MNO.10519 ഭാസ്കരൻ എന്നിവരുടെ വായ്പ്പകൾ കാർഷിക വായ്പ്പകളായി മാറ്റി അനധികൃതമായി 1,86,988/-രൂപ ഇളവു നൽകി സർക്കാരിനു നഷ്ട്ടമുണ്ടാക്കിയതിനാൽ പ്രസ്തുത തുക ടിയാൻമാരിൽ നിന്നും തിരിച്ചു പിടിക്കണമെന്ന് സഹകരണ വിജിലൻസ് ശുപാർശ ചെയ്തിട്ടുണ്ട്.

4. ടി ബാങ്ക് അഗ്രി.മാർക്കറ്റിംഗ്–കം–ഓഫീസ് ബിൽഡിംഗിന്റെ 2008-2015 കാലയളവിലെ കെട്ടിട നിർമ്മാണ പ്രവർത്തിയുമായി ബന്ധപ്പെട്ട് ബാങ്കിന്റെ പൊതു ഫണ്ടിൽ നിന്നും 36,00,000/- രൂപ ചെലവഴിക്കുന്നതിനുള്ള കോഴിക്കോട് ജോയിന്റ് രജിസ്ട്രാറുടെ ഉത്തരവ് മറികടന്ന് 4,28,20,936/- രൂപ ചെലവഴിക്കുകയും, സ്ട്രക്ചർ വർക്ക്, എ.സി.ഷീറ്റ് റൂഫിംഗ് എന്നീ വർക്കുകൾ ടെണ്ടർ മാനദണ്ഡങ്ങൾ മറികടന്ന് കെ.പി.പ്രഭാകരൻ എന്ന കോൺട്രാക്ടർക്ക് നൽകി എഗ്രിമെന്റിനു വിരുദ്ധമായി രണ്ട് വർക്കുകളിലായി 23,60,369/- രൂപ ടിയാന് അധികമായി നൽകുകയും ഇന്റീരിയർ ഡക്കറേഷൻ പ്രവർത്തികൾക്കായി ടെണ്ടർ മാനദണ്ഡങ്ങൾ മറികടന്ന് കൂടുതൽ തുക ക്വാട്ട് ചെയ്ത അമാനുള്ള ബിൽഡേർസ് എന്ന ഏജൻസിക്ക് 22,67,000/- രൂപ എന്ന എഗ്രിമെന്റ് തുകയ്ക്ക് വിരുദ്ധമായി 56,71,319/- രൂപ അധികമായി നല്കിയതിനാലും, ബിൽഡിംഗിന്റെ സെക്കന്റ് ഫ്ലോറിൽ ഇന്റീരിയർ ചെയ്യുന്നതിനായി 12,37,025/- രൂപയ്ക്ക് ഷിബു എന്നയാൾക്ക് വർക്ക് നൽകി എഗ്രിമെന്റോ ഭരണ സമിതിയുടെ അനുമതിയോ ഇല്ലാതെ എക്സ്ട്രാ വർക്കുകൾ നടത്തി എഗ്രിമെന്റിൽ പറഞ്ഞ 12,37,025/- രൂപയ്ക്ക് പകരം 12,72,925/- രൂപ അധികമായി നല്കിയതിനാലും 2008-2018 കാലയളവിലെ ഭരണസമിതി അംഗങ്ങളായ സുരേഷ് ബാബു, എം.കെ മുസ്തഫ, അബ്ദുള്ള.വി, അബ്ദുൽ ജബ്ബാർ.പി.കെ, ബി.പി.റഷീദ്, ബൈജു, റുബീന.ഇ .കെ , കമറുദീൻ.പി .കെ , യാസർ .എം.കെ, അബ്ദുള്ള.എ.എം, നിഷാബ് മുല്ലോളി, അബ്ദുൽ സലാം.പി.വി, സമീറ.കെ, ജാക്വലിൻ ജിൽസ്, അറുമുഖൻ .വി, സലീന ഹമീദ്, ദിനേശൻ.പി, ലതീഷ്.പി, സെക്രട്ടറിമാരായിരുന്ന പങ്കജാക്ഷൻ.പി.പി, പി. ടി ഹസ്സൻ എന്നിവർ മാനദണ്ഡങ്ങൾ മറികടന്നു പൊതുഫണ്ട് ദുരുപയോഗം ചെയ്തതായി വെളിവായതിനാൽ ടിയാന്മാർക്കെതിരെ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തു അന്വേഷണം നടത്തുവാൻ ശുപാർശ

| | | | |
|---|---|---|---|
| | | | ചെയ്തിട്ടുള്ളതും, അപ്പുക്കുട്ടൻ.എൻ എന്നയാൾ മരണപ്പെട്ടതിനാൽ ടിയാനെതിരെ നടപടി ശുപാർശ ചെയ്തിട്ടില്ലാത്തതുമാണ്.<br><br>5. 2010-12 കാലയളവിൽ ബാങ്കിലെ സെക്രട്ടറി ആയ പി.ടി.ഹസ്സൻ ഭാര്യക്കും ബന്ധുക്കൾക്കും സുഹൃത്തുക്കൾക്കും നിയമവിരുദ്ധമായി സ്വത്തു പണയ ലോണുകൾ അനുവദിച്ച് സെക്രട്ടറിയും ഭരണസമിതിയും കൂടി ബാങ്കിന്റെ 70 ലക്ഷം രൂപയുടെ പൊതുപണം ദുരുപയോഗം ചെയ്തെന്ന് വെളിവായതിനാൽ ആയതിന് ഉത്തരവാദികളായ 2010 ജൂലൈ മുതൽ 28.07.2012 വരെയുള്ള കാലയളവിലെ ഭരണസമിതി അംഗങ്ങളായ സുരേഷ് ബാബു, എം.കെ.മുസ്തഫ, അബ്ദുള്ള .വി, ബൈജു .ഒ .കെ, അബ്ദുള്ള.എ .എം, അബ്ദുൽ സലാം പി.വി, സലീന ഹമീദ്, ദിനേശൻ.പി, ലതീഷ്.പി, സെക്രട്ടറിയായിരുന്ന പി.ടി. ഹസ്സൻ എന്നിവർക്കെതിരെ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുവാൻ ശുപാർശ ചെയ്തിട്ടുണ്ട്. |
| (ബി) | അന്വേഷണത്തിന്മേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ? | (ബി) | അന്വേഷണ റിപ്പോർട്ടിലെ ശുപാർശകൾ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ